**സുതാര്യം....... സുസ്ഥിരം........ ജനപക്ഷം.....**

## നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

# ജനകീയം

---

ധനകാര്യ സ്ഥിരം സമിതിയുടെ .........................തിയ്യതിയിലെ ....................... നമ്പർ തീരുമാനപ്രകാരവും ഭരണസമിതിയുടെ ....................... തിയ്യതിയിലെ .................... നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചത്.

# ആമുഖം

പ്രകൃതിയുടെ സൗന്ദര്യത്തെ നേർക്കാഴ്ചയുടെ വിസ്മയമാക്കി വയനാടിന്റെ ഒരറ്റത്ത് രണ്ട് സംസ്ഥാനങ്ങളുടെ ഓരം ചേർന്ന് കാനനവശ്യചാരുതകൊണ്ട് പച്ച പുതച്ച വയനാടിന്റെ തിരുനെറ്റിയിൽ ഒരു തിലകക്കുറിയായി പരിലസിക്കുന്ന മണ്ണാണ് നൂൽപ്പുഴ.

ഈ സഭയുടെ മുമ്പിൽ ഇന്ന് വീണ്ടും വാർഷിക ബഡ്ജറ്റ് അവതരിപ്പിക്കാൻ നിൽക്കുമ്പോൾ അത് ഒരു ഔപചാരിക ചുമതല മാത്രമല്ല കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനങ്ങളുടെ ഒരു ആത്മ പരിശോധനയും ഭാവിയിലേക്കുള്ള ഒരു പ്രതിജ്ഞയും കൂടിയാണ്. കഴിഞ്ഞ അഞ്ചുവർഷമായി നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ വൈസ് പ്രസിഡണ്ടായി സേവനം അനുഷ്ഠിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു. ഈ കാലയളവിൽ അഞ്ചു തവണ വാർഷിക ബഡ്ജറ്റ് ഈ സഭയിൽ അവതരിപ്പിക്കാൻ അവസരം ലഭിച്ചത് എന്റെ വ്യക്തിപരമായ അഭിമാനമല്ല, ജനങ്ങളുടെ വിശ്വാസത്തിന്റെ അടയാളമാണ്. ഓരോ ബഡ്ജറ്റും വെറും കണക്കുകൾ മാത്രമായിരുന്നില്ല, അത് നമ്മുടെ ഗ്രാമത്തിന്റെ ആവശ്യങ്ങൾ, പ്രതീക്ഷകൾ, വെല്ലുവിളികൾ, സ്വപ്നങ്ങൾ എന്നിവയുടെ പ്രതിഫലനം ആയിരുന്നു. ഏറെ പിന്നോക്കം ആയിരുന്ന നമ്മുടെ പഞ്ചായത്തിൽ അടിസ്ഥാന സൗകര്യവികസനം മുതൽ പരിസ്ഥിതി സംരക്ഷണം വരെ എല്ലാം സമന്വയിപ്പിക്കേണ്ടത് വലിയ ഉത്തരവാദിത്വമായിരുന്നു. കാർഷിക മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി നിരവധി പദ്ധതികൾ നടപ്പിലാക്കി ചെറുകിട കർഷകർക്ക് സഹായം, ജലസേചന സൗകര്യങ്ങൾ, പാടശേഖര സംരക്ഷണം, കർഷക ഗ്രൂപ്പുകളുടെ ശാക്തീകരണം ഇവയെല്ലാം കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു. പട്ടിക വിഭാഗങ്ങൾ അധിവസിക്കുന്ന പഞ്ചായത്തിൽ സാമൂഹിക നീതി ഉറപ്പാക്കാൻ പ്രത്യേക ശ്രദ്ധ നൽകി. ഭവന നിർമ്മാണം, കുടിവെള്ളം, ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസ സഹായങ്ങൾ, വനമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ഇവയിലൂടെ അവഗണിക്കപ്പെട്ടവർക്ക് ആത്മവിശ്വാസം നൽകാൻ ശ്രമിച്ചു. ഈ അഞ്ചുവർഷത്തെ യാത്രയിൽ അനേകം വികസന പദ്ധതികൾക്ക് നേതൃത്വം നൽകാൻ സാധിച്ചു. റോഡ് വികസനം, സ്ട്രീറ്റ് ലൈറ്റ്, ശുചിത്വ പദ്ധതികൾ, വനിത സ്വയം സഹായ സംഘങ്ങളുടെ ശാക്തീകരണം, യുവജന പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ പഞ്ചായത്ത് മുന്നോട്ടുപോയി. ഇതെല്ലാം വ്യക്തിപരമായ നേട്ടമല്ല. ഇത് ഈ സഭയുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമാണ്. കഴിഞ്ഞ അഞ്ചുവർഷം നൽകിയ പിന്തുണയ്ക്കും സഹകരണത്തിനും ഞാൻ ഈ സഭയോടും ജനങ്ങളോടും ഹൃദയത്തിൽ നിന്ന് നന്ദി രേഖപ്പെടുത്തുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ അവസാന ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഗ്രാമീണ മേഖലയിലെ ഒട്ടനവധി പ്രവർത്തനങ്ങളെ അഭിമാനപൂർവ്വം ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കുവാൻ നമുക്ക് സാധിക്കും. ജനകീയ പങ്കാളിത്തം, സുതാര്യത, സാമൂഹികനീതി, സമഗ്രവികസനം എന്നീ അടിസ്ഥാനതത്വങ്ങളെ മുൻനിർത്തിയാണ് ഈ ബഡ്ജറ്റ് രൂപകല്പന ചെയ്തിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും, ഗ്രാമസഭകളിൽ നിന്നും, വികസന സെമിനാറുകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് വികസനവും ക്ഷേമവും കൈകോർക്കുന്ന രീതിയിലാണ് പദ്ധതികൾ വിന്യസിച്ചിരിക്കുന്നത്. കൃഷി, കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം, സ്ത്രീശാക്തീകരണം, ശുചിത്വം, യുവജന വികസനം, വയോജന കരുതൽ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികാസം തുടങ്ങിയ മേഖലകളിൽ

പ്രത്യേക പരിഗണന നൽകുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണവും, ഡിജിറ്റൽ സേവനങ്ങളുടെ ലഭ്യതയും, സാമ്പത്തിക നിയന്ത്രണവും, കാര്യക്ഷമമായ വിഭവ വിനിയോഗവും ഉറപ്പാക്കി പഞ്ചായത്തിന്റെ സ്വയം പര്യാപ്തതയും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും ഈ ബഡ്ജറ്റിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. വിവിധ സർക്കാർ ഓഫീസുകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന സംവിധാനങ്ങൾ തുടങ്ങിയവയിലൂടെ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകും വിധം നാം വളർന്നു. ഇനിയും ലക്ഷ്യസാധ്യത്തിനായി ബഹുമാനപ്പെട്ട എം.പി. ശ്രീമതി. പ്രിയങ്ക ഗാന്ധി, എം.എൽ.എ. ശ്രീ. ഐ.സി.ബാലകൃഷ്ണൻ, ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ തുടങ്ങിയവരുടെ സാമ്പത്തിക സ്രോതസ്സുകൾ നമുക്ക് ഉപയോഗപ്പെടുത്തി മുന്നോട്ട് പോകേണ്ടതുണ്ട്. കേന്ദ്ര-കേരള ഗവൺമെന്റുകളുടെയും ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെയും സഹകരണത്തോടെയും പരമാവധി ലഭ്യമാകുന്ന തുക കൈവരിച്ച് എന്റെ സഹപ്രവർത്തകരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും നിർലോഭ സഹകരണത്തിൽ സ്വപ്ന പദ്ധതികൾ പൂർത്തീകരിക്കപ്പെടുന്ന നാളുകളെ മുന്നിൽക്കണ്ട് 2026 -27 വർഷത്തെ ബഡ്ജറ്റ് നിങ്ങൾക്ക് മുമ്പാകെ ഇവിടെ അവതരിപ്പിക്കുന്നു.

## 1 സ്വപ്ന ഭവനം- (ഭവന നിർമ്മാണ പദ്ധതി)

കൊട്ടാരമല്ലെങ്കിലും കുടിലല്ലാത്ത സുരക്ഷിതമായ ഭവനം എല്ലാവരുടെയും സ്വപ്നമാണ്. ഈ സ്വപ്ന സാക്ഷാത്കാരത്തിനായി നാം പ്രതിജ്ഞാബദ്ധരാണ്. വീട് എന്നത് വെറും മതിലുകളും മേൽക്കൂരയും മാത്രമല്ല, അത് സുരക്ഷയും, സമാധാനവും, സ്വാതന്ത്ര്യവും ചേർന്ന ഒരു സ്വപ്നമാണ്. മനുഷ്യൻ ചെറുപ്പം മുതൽ തന്നെ സ്വന്തമായി വീടുണ്ടാക്കണമെന്ന് ആഗ്രഹം വളർത്തി പോരുന്നു. വീടെന്നത് കുടുംബത്തോടൊപ്പം സന്തോഷത്തോടെ കഴിയാനുള്ള ഒരിടവും പ്രയാസങ്ങൾക്ക് ശേഷം വിശ്രമിക്കാനും, കുട്ടികൾക്ക് സുരക്ഷിതമായ വളർച്ചയുടെ അന്തരീക്ഷം സൃഷ്ടിക്കാനും, ജീവിതത്തിലെ നേട്ടങ്ങളുടെ പ്രതീകവുമാണ്. പലർക്കും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം വീട് എന്ന സ്വപ്നം ഉടൻ യാഥാർത്ഥ്യമാവാറില്ല. പി.എം.എ.വൈ., പി.എം.ജന്മൻ, ലൈഫ് എന്നീ പദ്ധതികളിലൂടെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന് കീഴിൽ 499 വീടുകൾ എഗ്രിമെൻറ് വെക്കുകയും അതിൽ 300 വീടുകൾ പണി പൂർത്തീകരിക്കുകയും ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇനിയും ഈ സ്വപ്ന സാക്ഷാത്കാരത്തിനായി നമുക്ക് മുന്നേറേണ്ടതുണ്ട്. ഇതിനുവേണ്ടി ഉപയോഗയോഗ്യവും നിയമപരവുമായ വാസയോഗ്യ സ്ഥലങ്ങളിൽ ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഒരു കോടി അൻപത്തിമൂന്ന് ലക്ഷത്തി എഴുപത്തിമൂവായിരത്തി അറുനൂറ് (15373600) രൂപ വകയിരുത്തിയിട്ടുണ്ട്.

## 2 കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തൽ

വയലേലകളാൽ സമ്പന്നമാണ് നമ്മുടെ ഗ്രാമപഞ്ചായത്ത്. വയലുകളെ വേണ്ടവിധം പ്രയോജനപ്പെടുത്താൻ കർഷകർക്ക് സാധ്യമാവാതെ വരുന്നതിന്റെ പ്രധാന കാരണം ജല ലഭ്യതയുടെ കുറവാണ്. വർഷത്തിൽ രണ്ട് തവണ കൃഷി ചെയ്യുന്നതിന് ജലം എത്തിക്കുക എന്നത് നമ്മുടെ പ്രധാന ലക്ഷ്യമാണ്. 'രാജ്യത്തിൻറെ അതിർത്തി കാക്കുന്ന പട്ടാളക്കാരനും മണ്ണിൽ

പണിയെടുക്കുന്ന കർഷകനും തുല്യരാണ്' എന്നുള്ള ശ്രീമതി ഇന്ദിരാഗാന്ധിയുടെ 'ജയ് ജവാൻ ജയ് കിസാൻ ' എന്ന ആപ്തവാക്യമാണ് ഭാരതത്തിലെ ഓരോ കർഷകനും പ്രചോദനമാകുന്നത്.അതോടൊപ്പം പരമ്പരാഗത കൃഷികളായ തെങ്ങ്, കവുങ്ങ്, കാപ്പി, കുരുമുളക്, കിഴങ്ങ് വർഗ്ഗങ്ങൾ എന്നീ കൃഷികളും നമ്മുടെ ഉപജീവന മാർഗ്ഗമാണ്. കൃഷി കേവലം ഒരു ഉപജീവനമാർഗ്ഗമല്ല, അതൊരു സംസ്കാരം കൂടിയാണ്. പമ്പ് സെറ്റിന് 50 ശതമാനം സബ്സിഡി നൽകുകയും വിഷ രഹിത പച്ചക്കറി കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി 1200 കുടുംബങ്ങൾക്ക് മട്ടുപ്പാവിലെ പച്ചക്കറി കൃഷി നടപ്പിലാക്കി. നെൽകൃഷി, മറ്റു കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയവയുടെ ഉത്പാദന വർധനവിനായി വിവിധ തരം സബ്സിഡികൾ നടപ്പിലാക്കി. നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ പ്രധാന പുഴകളിൽ ഒന്നായ കല്ലൂർ നമ്പിക്കൊല്ലി പുഴയോരം കാർഷിക ആവശ്യത്തിന് വേണ്ടി വൈദ്യുതീകരിക്കാനും അതുവഴി ഉല്പാദന മേഖലയിൽ വലിയ നേട്ടം കൈവരിക്കാനും നമുക്ക് സാധിക്കും. അതോടൊപ്പം ഈ ഭൂപ്രദേശത്തിന്റെ വശ്യ ചാരുത അനുഭവിച്ചറിയാൻ ധാരാളം സഞ്ചാരികളെ എത്തിക്കാനും അതുവഴി ടൂറിസം മേഖലയുടെ വളർച്ചയ്ക്കും കാരണമാകും. ഈ പദ്ധതിക്ക് ആവശ്യമായ ഡിപിആർ തയ്യാറാക്കുന്നതിനും മറ്റു വിവിധ കൃഷികളെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ ബഡ്ജറ്റിൽ ഒരു കോടി നാല് ലക്ഷം (10400000) രൂപ വകയിരുത്തിയിട്ടുണ്ട്.

## 3 ആരോഗ്യ മേഖല

മനുഷ്യന്റെ ജീവിതസാഹചര്യങ്ങളെ ബലവത്താക്കുന്നതിൽ മുഖ്യ പങ്കു വഹിക്കുന്ന രണ്ട് ഘടകങ്ങളാണ് ആരോഗ്യവും വിദ്യാഭ്യാസവും. പ്രാഥമിക വിദ്യാഭ്യാസവും രോഗി പരിചരണവുമാണ് ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്നത്. സാധാരണ ആരോഗ്യപ്രശ്നങ്ങൾക്ക് നിരപ്പത്ത് സ്ഥിതി ചെയ്യുന്ന കുടുംബ ആരോഗ്യ കേന്ദ്രത്തിന് പുറമേ ആയുർവ്വേദം, ഹോമിയോപ്പതി, എന്നിവയും നമ്മൾ പ്രോത്സാഹിപ്പിച്ചു വരുന്നു. ജീവിതശൈലി രോഗങ്ങൾക്ക് വ്യായാമ മുറകളിലൂടെയും ഭക്ഷണ ക്രമീകരണങ്ങളിലൂടെയും പ്രതിവിധി നിർദ്ദേശിക്കുന്ന 'ഫിറ്റ്നസ് ഫസ്റ്റ്' വടക്കനാടും, കല്ലൂർ 66 ലും, മാതമംഗലത്തും ഹോമിയോ ഡിസ്പെൻസറിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. വാർദ്ധക്യകാല അസുഖങ്ങൾക്ക് ഫലപ്രദമായ ചികിത്സ നിർദ്ദേശിക്കുന്ന ആയുർവേദ ആശുപത്രി പ്രായമായവരുടെ ആശാകേന്ദ്രമാണ്. അടിസ്ഥാന സൗകര്യങ്ങളാൽ സമ്പന്നമായ ഇവിടം ശ്രദ്ധേയമായ പ്രവർത്തനമാണ് ഈ മേഖലയിൽ നടത്തിവരുന്നത്. പട്ടിക വിഭാഗങ്ങൾക്കും ജനറൽ വിഭാഗങ്ങൾക്കുമായി സമഗ്ര വയോജന ആരോഗ്യ ആയുർവ്വേദ പരിരക്ഷാ പദ്ധതിയും, ഗർഭിണികൾക്കും പ്രസവം കഴിഞ്ഞവർക്കുമായി ജനനി സുരക്ഷാ പദ്ധതിയും നടപ്പിലാക്കി വരുന്നു. ആയുർവ്വേദ ഹോസ്പിറ്റലിൽ പഞ്ചകർമ്മ ചികിത്സ പദ്ധതി (സ്പ)നടപ്പിൽ വരുത്തും. കുടുംബാരോഗ്യ കേന്ദ്രവും അതിന്റെ സബ് സെൻററുകളും ദിവസേന നൂറുകണക്കിന് രോഗികൾക്ക് ആശ്രയമാണ്. ഒരു കുടുംബാരോഗ്യ കേന്ദ്രം എന്നതിനപ്പുറം രോഗികൾക്ക് ആശ്വാസകേന്ദ്രം കൂടിയാണ് ഇവിടം. നമ്മുടെ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രശസ്തി നാൾക്ക് നാൾ വർദ്ധിച്ചുവരുന്നു. ഇവിടെ ചികിത്സയ്ക്ക് എത്തുന്നവർക്ക് ഒരുക്കിയ സംവിധാനങ്ങൾ ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾക്ക് തുല്യമാണ്. പ്രയാസരഹിതമായ ടോക്കൺ സംവിധാനം, വിശാലമായ കാത്തിരിപ്പ് കേന്ദ്രം, തിരക്കില്ലാത്ത മരുന്നുവാങ്ങൽ കൗണ്ടർ,

വിവിധ ടെസ്റ്റുകൾക്കുള്ള ലാബ് സംവിധാനം, കുട്ടികൾക്ക് കളിപ്പൊയ്ക എന്നിവയും നമ്മുടെ കുടുംബരോഗ്യ കേന്ദ്രത്തിന്റെ പ്രത്യേകതയാണ്. ഐപി സംവിധാനം ഇല്ലാതിരുന്നിട്ടും കിടത്തി ചികിത്സിക്കാനുള്ള ഭരണസമിതിയുടെയും, ജീവനക്കാരുടെയും താൽപര്യം ഹെൽത്ത് ഇൻസ്പെക്ടർക്കും സ്റ്റാഫിനും സൗകര്യപ്രദമായ ഓഫീസ് സംവിധാനം, വയോജനങ്ങൾക്കുള്ള സൗജന്യ ഓട്ടോറിക്ഷ സംവിധാനം, ഗോത്രവർഗ്ഗ ഉന്നതികളിൽ ഡോക്ടറും നഴ്സുമാരും അടങ്ങുന്ന ടീമിന്റെ ദിവസേനയുള്ള ക്യാമ്പുകൾ, ഇതൊന്നും കൂടാതെ നമ്മുടെ ആശുപത്രി മികവിന്റെ കേന്ദ്രമായി മാറുന്നതിന് ഏർപ്പെടുത്തിയ മറ്റു സൗകര്യങ്ങളും ശ്രദ്ധേയമാണ്. വയനാട്ടിലെ തന്നെ ഏറ്റവും സൗകര്യപ്രദമായ ഫിസിയോതെറാപ്പി സെന്റർ ഫിസിയോതെറാപ്പിയിലെ നൂതന സംവിധാനമായ റോബോട്ടിക് ഫിസിയോതെറാപ്പി, അരിവാൾ രോഗികൾക്ക് പ്രത്യേകമായ ചികിത്സ ഒരുക്കുന്നതിന് സിക്കിൾ പാലിയേറ്റീവ് ബ്ലോക്കും മുഴുവൻ സമയ ഒ പി യും തുടങ്ങാനായതും അഭിമാനനേട്ടമാണ്. പാലിയേറ്റീവ് രോഗികൾക്കും ഫിസിയോ തെറാപ്പിയിലെ രോഗികൾക്കും, കൂട്ടിരിപ്പുകാർക്കും, NRCയിലെ അമ്മമാർക്കും സ്ത്രീ ശാക്തീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ തൊഴിൽ പരിശീലനം നൽകും, ഈ മേഖലയുടെ കൂടുതൽ പുരോഗതിക്കുവേണ്ടി ഒരു കോടി മുപ്പത്തിയേഴ് ലക്ഷത്തി അൻപത്തി അയ്യായിരം (13755000) രൂപ വകയിരുത്തിയിട്ടുണ്ട്.

## 4. പട്ടികജാതി പട്ടികവർഗ്ഗ വികസനം

ജനസംഖ്യയിൽ 43% ത്തിലധികം ഗോത്രവർഗ്ഗ സമൂഹം അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഈ വിഭാഗത്തിന്റെ പുരോഗതിയാണ് നാടിന്റെ പുരോഗതി എന്ന തിരിച്ചറിവ് നമുക്കുണ്ടായിരിക്കണം. ഏതൊരു വിഭാഗത്തിന്റെയും സാമൂഹ്യമായ പുരോഗതി എന്നത് അവരുടെ വിദ്യാഭ്യാസ പുരോഗതിയെ വിലയിരുത്തി വേണം നടത്താൻ. ഗോത്രവർഗ്ഗ സമൂഹത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന കാട്ടുനായ്ക്ക വിഭാഗവും പണിയർ, ഊരാളി സമുദായവും ആണ്. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള **" നീപ്പ് "** പോലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. എല്ലാ വിഭാഗം ജനങ്ങളുടെയും പുരോഗതിയാണ് ഒരു നാടിന്റെയും അതുവഴി രാജ്യത്തിന്റെയും പുരോഗതിയായി മാറുന്നത്. ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് അവരുടെ സാന്നിധ്യം ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ സ്കോളർഷിപ്പ് നടപ്പിലാക്കും. ഈ വിഭാഗങ്ങളുടെ പുരോഗതിക്കായി മൂന്ന് കോടി നാൽപ്പതി രണ്ട് ലക്ഷത്തി നാൽപത്തി മൂവായിരം (34243000) രൂപ വകയിരുത്തിയിട്ടുണ്ട്.

## 5. അടിസ്ഥാന സൗകര്യ വികസനം

അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പ്രധാനം ഗ്രാമീണ റോഡുകളാണ്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഗ്രാമപഞ്ചായത്തിന്റെ വിഹിതം തികയാത്ത സാഹചര്യത്തിൽ എം. പി., എം.എൽ.എ., ജില്ലാ-ബ്ലോക്ക്

-പഞ്ചായത്തുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ ഭീമമായ തുക തന്നെ നമുക്ക് ലഭിക്കാറുണ്ട്. പശ്ചാത്തല മേഖലയുടെ പ്രവർത്തനങ്ങൾ സുതാര്യമായും സുഗമമായും നടത്തിക്കൊണ്ടു പോകുന്നതിന് നടപ്പാതകൾ, പാലങ്ങൾ, റോഡുകൾ, കലുങ്കുകൾ, പാർശ്വഭിത്തികൾ, മെയിൻറനൻസ് എന്നീ മേഖലയിലെ വികസനത്തിനായി ഒരു കോടി എൺപത് ലക്ഷത്തി മുപ്പത്താറായിരം (18036000) രൂപ വകരുത്തിയിട്ടുണ്ട്.

## 6. ക്ഷീര മേഖലയും മൃഗസംരക്ഷണവും

പാലുൽപാദനത്തിൽ മികച്ച മുന്നേറ്റം നടത്താൻ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന് സാധിച്ചു. കേരള ഗവൺമെൻറ് ക്ഷീര വികസന വകുപ്പ് നൽകുന്ന പടവ് 2026 സംസ്ഥാന അവാർഡിന് വീണ്ടും നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് അർഹമായി. 2024-25 കാലയളവിൽ സംസ്ഥാന തലത്തിൽ ക്ഷീരമേഖലയിൽ ഏറ്റവും കൂടുതൽ ഫണ്ട് ചെലവഴിച്ചതിനാണ് ഈ അവാർഡ് പഞ്ചായത്തിനെ തേടിയെത്തിയത്. 2022-23 കാലയളവിലും ഈ അവാർഡ് നൂൽപ്പുഴയെ തെരഞ്ഞെടുത്തിരുന്നു. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, ക്ഷീര ഗ്രാമം പദ്ധതിയിലൂടെ കറവപ്പശു, കറവയന്ത്രം എന്നിവയുടെ വിതരണം, പാൽ അളവ് കേന്ദ്രങ്ങളുടെ നിർമ്മാണം, ആധുനിക വെറ്റിനറി ലാബ് നിർമ്മാണം അതിർത്തി പ്രദേശങ്ങളിലെ കർഷകർക്ക് ചെള്ള് മരുന്ന് വിതരണം, കിടാരി വിതരണം, ആട് വിതരണം, വനിതകൾക്ക് തീറ്റപ്പുൽ കൃഷിക്ക് ധനസഹായം, തുടങ്ങിയ നിരവധി പദ്ധതികളാണ് പഞ്ചായത്ത് കഴിഞ്ഞകാലങ്ങളിൽ നടപ്പിലാക്കിയത്. ഇത്തരം പദ്ധതികളിലൂടെ പാലുൽപ്പാദനം ഗണ്യമായി വർധിപ്പിക്കാൻ നമുക്ക് സാധിച്ചു. 2024 ൽ 3907524 ലിറ്റർ ആയിരുന്ന പാൽ ഉൽപാദനം 2025 ൽ 4086708 ലിറ്ററായി വർദ്ധിപ്പിക്കാൻ നമുക്ക് സാധിച്ചു. കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനും വെറ്റിനറി ലാബിന്റെ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനും മൃഗപരിപാലനത്തിനും മരുന്നു വാങ്ങുന്നതിനും പേ വിഷബാധ നിർമാർജനത്തിനും ബഡ്ജറ്റിൽ അൻപത്തിനാല് ലക്ഷത്തി എഴുപത്തി അയ്യായിരം (5475000) രൂപ വകയിരുത്തിയിട്ടുണ്ട്.

## 7. യുവജനക്ഷേമം

ഒരു ഭരണസമിതി ഏറ്റവും കൂടുതൽ ശ്രദ്ധ കൊടുക്കേണ്ട ഒരു മേഖലയാണ് യുവജനക്ഷേമം. നമ്മുടെ ചെറുപ്പക്കാരുടെ മാനസിക ശാരീരിക ആരോഗ്യ മേഖലകൾ നാടിൻറെ പുരോഗതിയിൽ വലിയ പങ്കുവഹിക്കുന്നു.യുവജനങ്ങൾക്കാവശ്യമായ കളിസ്ഥലങ്ങൾ ഒരുക്കുക, വിനോദ പരിപാടികൾ സംഘടിപ്പിക്കുക ചെറുപ്പക്കാരിൽ വായനാശീലം വളർത്തുക, തൊഴിൽ ചെയ്യാനുള്ള മാനസികാവസ്ഥ ഉണ്ടാക്കുക, സാമൂഹിക സേവനത്തിന് അവരെ പ്രാപ്തരാക്കുക ഇതൊക്കെയാണ് നമ്മുടെ ലക്ഷ്യം. കഴിഞ്ഞ കാലങ്ങളിൽ വായനശാലകൾക്കും ക്ലബ്ബുകൾക്കും ഫർണിച്ചർ വിതരണവും നവ്യ ട്രൈബൽ ലൈബ്രറിക്ക് ബിൽഡിംഗ് നിർമ്മാണവും വിവിധ ക്ലബ്ബുകളുടെ കീഴിൽ ഫുട്ബോൾ വോളിബോൾ പരിശീലനവും നടപ്പിലാക്കാൻ നമുക്ക് സാധിച്ചു.ഇതുവഴി നിരവധി കായികതാരങ്ങളെ സംസ്ഥാന ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ സാധിച്ചു. ഇനിയും ഈ മേഖലയുടെ പുരോഗതിക്കായി പതിമൂന്ന് ലക്ഷം (1300000) രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## 8.സ്ത്രീശാക്തീകരണം

കുടുംബശ്രീ വഴി നടപ്പിലാക്കുന്ന വനിതാ ശാക്തീകരണ പദ്ധതികൾ വനിതകൾക്കിടയിൽ ഏറെ സ്വീകാര്യത ലഭിച്ചിട്ടുണ്ട് സ്ത്രീശാക്തീകരണത്തിനും ദാരിദ്രനിർമാർജ്ജനത്തിനും കേരളത്തിലെ ഏറ്റവും വലിയ സാമൂഹിക മൂലധനമാണ് കുടുംബശ്രീ. സ്ത്രീ ശാക്തീകരണ ഉദ്യമത്തിൽ കുടുംബശ്രീ വഹിക്കുന്ന പങ്ക് ചെറുതല്ല. സമഗ്ര വികസനത്തിന്റെ ശക്തമായ ചുവടുവെപ്പ്, വനിത ശാക്തീകരണം എന്നിവ പഞ്ചായത്തിന്റെ വികസന അജണ്ടയിൽ പ്രധാന ഘടകമാണ്. വനിതാ ഘടക പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ വനിതകളെയും ഉൾപ്പെടുത്തി ഒരു വിപുലമായ മെഗാ വനിതാ സംഗമം സംഘടിപ്പിക്കുന്നതാണ്. ഒരു ദിവസം നീണ്ടു നിൽക്കുന്ന ഈ സംഗമത്തിൽ വിവിധ മേഖലകളിൽ പ്രശസ്തരായ അതിഥികൾ, സാമൂഹിക പ്രവർത്തകർ, ഫിലിം സ്റ്റാറുകൾ എന്നിവർ പങ്കെടുക്കും. മനോവികാസം ഉണ്ടാകുന്ന പ്രസംഗങ്ങൾ സംവാദങ്ങൾ സാംസ്കാരിക പരിപാടികൾ എന്നിവയിലൂടെ വനിതകളുടെ ആത്മവിശ്വാസവും സാമൂഹിക പങ്കാളിത്തവും വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. പഞ്ചായത്തിലെ വനിതകളുടെ സാമ്പത്തിക സ്വയം പര്യാപ്തത ഉറപ്പാക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രത്യേക ധനസഹായ പദ്ധതികൾ നടപ്പിലാക്കും. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സബ്സിഡി, പലിശരഹിത വായ്പ, വിപണന സഹായം എന്നിവ നൽകുന്നതാണ്. കൂടാതെ വനിതകൾക്ക് വേണ്ടി പശു വളർത്തൽ, ആട് വളർത്തൽ പ്രോത്സാഹനം, ജൈവ പച്ചക്കറി കൃഷി വികസനം എന്നിവ നടപ്പിലാക്കും. തൊഴിൽ പരിശീലന പരിപാടികൾ മുഖേന തയ്യൽ പരിശീലനം ഫുഡ് പ്രൊഡക്ഷൻ യൂണിറ്റ്,ഹാൻഡിക്രാഫ്റ്റ്, ഡിജിറ്റൽ സ്കിൽ തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിശീലനം സംഘടിപ്പിക്കും ഇതിലൂടെ വനിതകൾക്ക് സ്വയംതൊഴിൽ ആരംഭിക്കാനും സ്ഥിര വരുമാനം നേടാനും അവസരം ലഭിക്കും. സമൂഹത്തിലെ എല്ലാ മേഖലകളിലും വനിതകളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കി ആത്മവിശ്വാസവും സാമ്പത്തിക ശക്തിയും കൈവരിച്ച ഒരു മാതൃക പഞ്ചായത്തായി നൂൽപ്പുഴയെ മാറ്റുന്നതിനു വേണ്ടി ഈ ബഡ്ജറ്റിൽ എൺപത് ലക്ഷം (8000000) രൂപ വകയിരുത്തീട്ടുണ്ട്.

## 9.വയോജന ക്ഷേമം

പൊള്ളുന്ന ജീവിത യാഥാർത്ഥ്യങ്ങളുടെ കനൽ പദം താണ്ടി അവസാനിക്കാറായ യാത്രയിൽ ആശ്വാസം ആഗ്രഹിക്കുന്ന ഘട്ടമാണ് വാർദ്ധക്യകാലം. പിന്നിട്ട ബാല്യവും കൗമാരവും യുവത്വവും മധുരമുള്ള ഓർമ്മകളായി മാറുന്ന കാലം. സന്താനങ്ങളിലും കുടുംബത്തിലും പ്രതീക്ഷയർപ്പിച്ച് സമൂഹത്തിൽ ഒതുങ്ങി ജീവിക്കുന്ന വാർദ്ധക്യ കാലഘട്ടത്തെ ഉല്ലാസവും ഉന്മേഷവും ഉള്ളതാക്കി മാറ്റാൻ അവസരം സൃഷ്ടിച്ചു കൊടുക്കണം. നമ്മുടെ പഞ്ചായത്തിലെ 60 വയസ്സ് പിന്നിട്ടവരെ ചേർത്തുപിടിക്കാനും അവർക്കായി വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതുമാണ്. വയോജനങ്ങൾക്കായി ഉല്ലാസയാത്ര, വയോജന പാർക്ക്, വയോജന സംഗമം, കമ്പിളി വിതരണം, കട്ടിൽ വിതരണം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിനായി ഈ ബജറ്റിൽ നാൽപത് ലക്ഷം (4000000) രൂപ വകയിരുത്തിയിട്ടുണ്ട്.

## 10.സാമൂഹ്യനീതി

അഗതി ആശ്രയം, ശിശുക്ഷേമം, ഭിന്നശേഷി സംരക്ഷണം തുടങ്ങിയവ നമ്മുടെ ഉത്തരവാദിത്വമാണ്. അവർക്കായി താഴെത്തട്ടിൽ സേവനങ്ങൾ നൽകുന്നതിനുള്ള ശക്തമായ വേദികളാണ് അംഗൻവാടികൾ. പിറന്നുവീഴുന്ന ഓരോ കുഞ്ഞിനും ഭക്ഷണം, ആരോഗ്യം, അറിവ് എന്നത് മൗലികാവകാശമാണ്. ഗർഭധാരണം മുതൽ അമ്മയുടെ ആരോഗ്യം സുരക്ഷിതമാക്കുകയും പ്രോട്ടീൻ അടങ്ങിയ ആഹാരങ്ങൾ സ്ഥിരമാക്കുകയും മാനസിക ഉല്ലാസമുണ്ടാക്കുകയും ചെയ്താൽ മാത്രമാണ് ആരോഗ്യമുള്ള ഒരു തലമുറ വളർന്നുവരികയുള്ളൂ. നമ്മുടെ പഞ്ചായത്തിലെ 42 അംഗൻവാടികളിൽ 38 അംഗൻവാടികളും സ്മാർട്ട് അംഗൻവാടികൾ ആക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതുപോലെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഇത്തരം കുട്ടികൾക്കായി ആരംഭിച്ച ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലൂടെ ഹെർബ ലൈഫ് എന്ന കമ്പനിയുടെ സാമ്പത്തിക സഹായത്തിൽ യുണൈറ്റഡ് വേ എന്ന എൻ. ജി. ഒ വഴി അംഗൻവാടി കെട്ടിടങ്ങളുടെ നവീകരണവും, യൂണിഫോം, പഠന ഉപകരണങ്ങൾ, സ്വയം തൊഴിൽ സംരംഭം എന്നിവ നടപ്പിലാക്കാൻ നമുക്ക് സാധിച്ചു. ഇവർക്കുവേണ്ടി ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടവും അനുബന്ധ സൗകര്യവും ആറു മാസത്തിനകം പൂർത്തീകരിക്കും. അംഗനവാടികളുടെ പ്രവർത്തനങ്ങൾക്കും ഭിന്നശേഷി കുട്ടികൾക്കുമായി ഈ ബഡ്ജറ്റിൽ ഒരു കോടി പത്ത് ലക്ഷം (11000000) രൂപ വകയിരുത്തിയിട്ടുണ്ട്.

## 11. ശുചിത്വ ഗ്രാമങ്ങൾ

ശുചിത്വമുള്ള ഇടങ്ങളാണ് ആരോഗ്യമുള്ള തലമുറകളെ സൃഷ്ടിക്കുന്നത്. ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് വലിയ മാറ്റം ഉണ്ടാക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. ഇതൊരു തുടർ പ്രവർത്തനമായതുകൊണ്ട് ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ വീടുകളിൽ ലഭ്യമാക്കുന്നതിനും എം സി എഫ് വഴി മാലിന്യ സംസ്കരണത്തിനും നമുക്ക് സാധിച്ചു. പരിസ്ഥിതി സംരക്ഷണവും ശുചിത്വവും മുൻനിർത്തി പഞ്ചായത്തിന്റെ പരിധിയിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യ ശേഖരണം കൂടുതൽ കാര്യക്ഷമമാക്കുകയും മാലിന്യം വേർതിരിച്ച് എടുക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ദേശീയപാത കടന്നുപോകുന്ന നമ്മുടെ പഞ്ചായത്തിലെ പ്രധാന ടൗണുകളായ മുത്തങ്ങ, കല്ലൂർ, നായ്ക്കട്ടി, മൂലങ്കാവ് എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഹരിത കർമ്മ സേനയെ സജീവമായി വിനിയോഗിച്ച് ശുചിത്വ ഗ്രാമമായി പഞ്ചായത്തിനെ മാറ്റുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കും.പാതയോരങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് ക്യാമറകൾ സ്ഥാപിക്കും. വീടും പരിസരവും കുടിവെള്ളവും മാലിന്യമുക്തമാക്കുന്നതിന് വാർഡുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തും. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രദേശത്തിന്റെ സൗന്ദര്യം ഉയർത്തുന്നതിനും ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കല്ലൂർ പുഴയോരത്ത് ആധുനിക പാർക്ക് സ്ഥാപിക്കുന്നതാണ്. കുട്ടികൾക്കും മുതിർന്നവർക്കും വിനോദ സൗകര്യങ്ങൾ, നടക്കാനുള്ള പാത ഇരിപ്പിടങ്ങൾ, ലൈറ്റിംഗ്, സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തി വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ പാർക്കും ഇക്കോ ഷോപ്പും നടപ്പിൽ

വരുത്തും. ഇതിലൂടെ ടൂറിസ്റ്റുകളും നാട്ടുകാരും എത്തിച്ചേരുന്ന ഒരു പ്രധാന വിനോദ കേന്ദ്രമായി പഞ്ചായത്തിനെ രൂപപ്പെടുത്തുകയും അതുവഴി പഞ്ചായത്തിനും ഹരിത കർമ്മ സേനയ്ക്കും സ്ഥിര വരുമാനം സൃഷ്ടിക്കുകയും ചെയ്യും. ശുചിത്വമുള്ള ഗ്രാമങ്ങൾ മാലിന്യമുക്ത പഞ്ചായത്ത് എന്ന പദ്ധതിക്ക് വേണ്ടി ഈ ബഡ്ജറ്റിൽ ഒരു കോടി ഇരുപത്തിരണ്ട് ലക്ഷം (12200000) രൂപ വകയിരുത്തിയിട്ടുണ്ട്.

## 12 തൊഴിലുറപ്പ് പദ്ധതി സമഗ്ര വികസനത്തിന്റെ പാതയിൽ

ഗ്രാമീണ മേഖലയിൽ തൊഴിൽ സൃഷ്ടിയും അടിസ്ഥാന സൗകര്യ വികസനവും ഒരുമിച്ച് ലക്ഷ്യമിടുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പഞ്ചായത്തിലെ പ്രധാന വികസന പ്രവർത്തനങ്ങളുടെ ആധാര ശക്തിയായി തുടരുന്നു. പഞ്ചായത്തിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കർഷകർക്ക് സഹായകമായ നിരവധി പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്നു. കൃഷിയിടങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, ജല സംഭരണ കുഴികൾ, ചെറുകിട പാടശേഖര വികസനം തുടങ്ങിയ പ്രവർത്തനങ്ങൾ കാർഷിക ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുന്നു. ജലമലിനീകരണം ഒഴിവാക്കുന്നതിന് വേണ്ടി 600 ഓളം സോക്പിറ്റുകൾ നിർമ്മിച്ച് നൽകിയത് പഞ്ചായത്തിന്റെ പ്രധാനനേട്ടമാണ്. കന്നുകാലി സംരക്ഷണവും, ശുചിത്വവും മുൻനിർത്തി ആട്ടിൻകൂട്, കാലിത്തൊഴുത്ത്, ചാണക കുഴി എന്നിവയുടെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിവരുന്നു. ഇതിലൂടെ കുടുംബങ്ങൾക്ക് അധിക വരുമാനം ലഭിക്കുന്നതിനൊപ്പം ജൈവകൃഷിക്ക് ആവശ്യമായ വളവും ഉറപ്പാക്കാൻ സാധിക്കുന്നു. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനായി കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണം, നടപ്പാതകൾ, ഡ്രൈനേജ് സൗകര്യങ്ങൾ എന്നിവയും വ്യാപകമായി നടപ്പാക്കി വരുന്നു. കുടിവെള്ള ഉറവിടങ്ങളുടെ സംരക്ഷണം, കുളങ്ങൾ നവീകരിക്കൽ, ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും പദ്ധതിയുടെ ഭാഗമായി പുരോഗമിക്കുന്നു. തൊഴിലുറപ്പ് പദ്ധതി വഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം സ്ഥിരതയാർന്ന സമ്പദ് വ്യവസ്ഥയും പരിസ്ഥിതി സൗഹൃദ വികസനവും ലക്ഷ്യമിട്ട് പഞ്ചായത്ത് മുന്നോട്ടുപോകുന്നു. സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങൾക്കും സ്ത്രീകൾക്കും കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനുള്ള പ്രത്യേക ഇടപെടലുകൾ തുടരുമെന്ന് ഉറപ്പു നൽകിക്കൊണ്ട് ഈ ബഡ്ജറ്റിൽ പതിനാറ്കോടി പത്തൊൻപത് ലക്ഷത്തി തൊണ്ണൂറായിരത്തി എണ്ണൂറ്റി ഇരുപത്തി അഞ്ച് (161990825) രൂപ വകയിരുത്തിയിട്ടുണ്ട്.

## 13. വിദ്യാഭ്യാസം : വിദ്യാഭ്യാസം ഒരു സമൂഹത്തിന്റെ ഭാവിയെ നിർമ്മിക്കുന്ന അടിത്തറയാണ്.

വിത്ത് മണ്ണിൽ വീഴുമ്പോൾ അത് വൃക്ഷമായി വളരുന്നത് പോലെ വിദ്യാർത്ഥികളുടെ സ്വപ്നങ്ങൾക്ക് ശരിയായ പരിചരണവും പിന്തുണയും ലഭിക്കുമ്പോൾ ശക്തമായ സമൂഹമായി അവർ വിരിയുന്നു അതുകൊണ്ടുതന്നെ വിദ്യാഭ്യാസ മേഖലയെ നമ്മുടെ പഞ്ചായത്ത് വളരെ പ്രാധാന്യത്തോടെ സമീപിച്ചുകൊണ്ടിരിക്കുന്നു. നൂൽപ്പുഴ പഞ്ചായത്തിന് കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന

മുത്തങ്ങ എ എൽ പി സ്കൂൾ, കല്ലുമുക്ക് സ്കൂൾ, വടക്കനാട് സ്കൂൾ, ചെട്ട്യാലത്തൂർ സ്കൂൾ എന്നിവ പട്ടികവർഗ്ഗ മേഖലയിലുള്ള കുട്ടികൾക്ക് അറിവിന്റെ വിളക്കായി തെളിഞ്ഞു നിൽക്കുകയാണ്. കാടിന്റെ മധ്യേ തെളിയുന്ന ഒരു ദ്വീപസ്തംഭം പോലെ ഈ വിദ്യാലയങ്ങൾ വിദ്യാഭ്യാസത്തിന്റെ പ്രകാശം ഓരോ വീട്ടിലും എത്തിച്ചുകൊണ്ടിരിക്കുന്നു. സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥകളെ മറികടന്ന് മുന്നേറാൻ കുട്ടികൾക്ക് ശക്തമായ ചിറകുകളായി മാറേണ്ടത് പരിഷ്കൃത സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. അതോടൊപ്പം തന്നെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്ന ബഡ്സ് സ്കൂൾ കരുതലിന്റെയും സ്നേഹത്തിന്റെയും തണൽമരമാണ്. ഓരോ കുഞ്ഞിന്റെയും കഴിവുകളെ കണ്ടെത്തി വളർത്തുന്ന ഈ സ്ഥാപനങ്ങൾ സമത്വത്തിന്റെയും ഉൾക്കൊള്ളലിന്റെയും സമഗ്ര മാതൃകയാണ്.

പൂക്കൾ ഓരോന്നും വ്യത്യസ്തമായ സുഗന്ധവും സൗന്ദര്യവും കൈവരിക്കുന്നതുപോലെ ഓരോ കുട്ടിയുടെയും പ്രത്യേകതകളെ ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് നമ്മുടെ ലക്ഷ്യം. അടുത്ത സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, സ്മാർട്ട് ക്ലാസ് റൂമുകളുടെ വികസനം, ലൈബ്രറി സൗകര്യങ്ങളുടെ ശാക്തീകരണം, വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ എന്നിവയ്ക്കായി കൂടുതൽ തുക വകയിരുത്തുന്നതാണ്. വിദ്യാഭ്യാസരംഗത്ത് നടത്തുന്ന ഓരോ നിക്ഷേപവും നാളെയുടെ സമൂഹത്തിന് നൽകുന്ന ഉറച്ച വാഗ്ദാനമാണ്. വിദ്യാഭ്യാസം ഒരു ചിലവല്ല അതൊരു നിക്ഷേപമാണ്. നമ്മുടെ മക്കളുടെ ഭാവിയിലേക്കുള്ള വിശ്വാസത്തിന്റെ നിക്ഷേപം. ആ വിശ്വാസം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടു പോവുകയാണ് നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്. അതിനായി ഈ ബഡ്ജറ്റിൽ ഇരുപത്തി അഞ്ച് ലക്ഷം (25000000) രൂപ വകയിരുത്തിയിട്ടുണ്ട്.

## 14. മനുഷ്യ വന്യ മൃഗ സംഘർഷം ലഘൂകരിക്കൽ

നമ്മുടെ പഞ്ചായത്തിന്റെ നാലിൽ മൂന്നു ഭാഗവും വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്നതാണ്. അതിനാൽ തന്നെ വന്യമൃഗങ്ങളുടെ ആക്രമണവും കാർഷികവിളകളുടെ നാശവും നിത്യസംഭവമാണ്.വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് വേണ്ടി കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് ബഹുമാനപ്പെട്ട ശ്രീ ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ യുടെ വിവിധ പദ്ധതികൾ വഴി വല്ലത്തൂർ - തോട്ടാമൂല കനാൽ, വടക്കനാട്-വള്ളുവാടി ഹാൻഗിംഗ് ഫെൻസിംഗ്, കാപ്പി സ്റ്റോർ - നായ്ക്കട്ടി ഹാൻഗിംഗ് ഫെൻസിംഗ്, ഏ ഴ ക്ക ർ - കാപ്പി സ്റ്റോർ ഹാൻഗിംഗ് ഫെൻസിംഗ്, കടമ്പക്കാട്ട്-മന്മഥൻ മൂല ഹാൻഗിംഗ് ഫെൻസിംഗ്, തോട്ടമൂല-കല്ലൂർ 67 ഹാൻഗിംഗ് ഫെൻസിംഗ്, മന്മഥൻമൂല-തെക്കുംപറ്റ ഹാൻഗിംഗ് ഫെൻസിംഗ് എന്നീ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചു. ഇനിയും ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്ക് വേണ്ടി ഫണ്ടുകൾ കണ്ടെത്തുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു.

## 15 ജൈവ വൈവിധ്യ സംരക്ഷണവും പര്യവേഷണവും

പ്രകൃതി സമ്പത്തിനാൽ സമൃദ്ധമായ നൂൽപ്പുഴ പഞ്ചായത്തിൽ ജൈവവൈവിധ്യ മേഖലയെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നത് നമ്മുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്.കാർഷിക മേഖലയെ പരിസ്ഥിതി സൗഹൃദ രീതിയിൽ ശക്തിപ്പെടുത്തുകയും വന്യജീവി സങ്കേതത്തോട് ചേർന്ന പ്രദേശങ്ങളിൽ ഔഷധസസ്യ തോട്ടങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നതാണ്. പ്രത്യേകിച്ച് വയനാട് വന്യജീവി സങ്കേതത്തിന്റെ സമീപപ്രദേശങ്ങളുടെ പ്രകൃതി സൗന്ദര്യവും ജൈവ സമ്പത്തും സംരക്ഷിക്കുന്നതിനോടൊപ്പം നാട്ടുകാർക്ക് വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കും.ആയുർവേദ ഔഷധ നിർമ്മാണത്തിന് ആവശ്യമായ സസ്യങ്ങൾ കൃഷി ചെയ്യുന്നതിനായി കർഷകർക്ക് പരിശീലനവും സാമ്പത്തിക സഹായവും നൽകും. ഇതോടൊപ്പം ജൈവവൈവിധ്യത്തെ അടിസ്ഥാനമാക്കി പ്രകൃതി സൗഹൃദ ടൂറിസം (ഇക്കോ ടൂറിസം) പദ്ധതികൾ നടപ്പാക്കുന്നതാണ്. ഔഷധസസ്യ തോട്ടങ്ങൾ സന്ദർശകർക്കായി വിജ്ഞാനപരവും അനുഭവസമ്പന്നവുമായ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുകയും പ്രകൃതി പാതകളും പഠന ക്യാമ്പുകളും ഒരുക്കുകയും ചെയ്യും. ഇതിലൂടെ പരിസ്ഥിതി സംരക്ഷണവും സാമ്പത്തിക പുരോഗതിയും കൈകോർക്കുന്ന ഒരു മാതൃകാ പഞ്ചായത്തായി നൂൽപ്പുഴയെ മാറ്റുകയാണ് നമ്മുടെ ലക്ഷ്യം അതിനായി നമുക്കൊരുമിച്ച് കൈകോർക്കാം.

## ഉപസംഹാരം

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഈ വർഷത്തെ ബഡ്ജറ്റ് ഒരു വരവ് ചിലവ് രേഖ മാത്രമല്ല, നമ്മുടെ ഗ്രാമത്തിൻറെ സമഗ്ര പുരോഗതിയിലേക്കുള്ള ദിശാബോധമാണ്. നൂൽപ്പുഴയുടെ പൈതൃകവും സൗന്ദര്യവും ആധാരമാക്കി ടൂറിസം മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കാർഷിക മേഖലയെ നവീന സാങ്കേതികവിദ്യകളുടെ സഹായത്തോടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുമായി ശക്തിപ്പെടുത്തുന്നതിനും ഈ ബജറ്റ് പ്രതിജ്ഞാബദ്ധമാണ്. പട്ടികവർഗ്ഗവിഭാഗങ്ങളുടെ സാമൂഹിക ഉയർച്ച ഉറപ്പാക്കുന്ന പദ്ധതികളും വനിതാ ഘടക പദ്ധതിയിലൂടെ സ്ത്രീ ശാക്തീകരണത്തിനുള്ള പ്രത്യേക ഇടപെടലുകളും ഈ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം, ശുദ്ധമായ കുടിവെള്ള വിതരണം, ശുചിത്വ പ്രവർത്തനങ്ങൾ എന്നിവ മുഖേന ആരോഗ്യകരമായ ഒരു ഗ്രാമപരിസരം സൃഷ്ടിക്കുകയാണ് ലക്ഷ്യം. ജൈവവൈവിധ്യ സംരക്ഷണവും പരിസ്ഥിതി സംരക്ഷണവും നമ്മുടെ വികസനത്തിന്റെ അഭിവാജ്യ ഘടകങ്ങളായി കണക്കാക്കി പ്രകൃതിയുമായി സമുന്നയിച്ചുള്ള വികസന മാതൃകയാണ് ഞങ്ങൾ മുന്നോട്ട് വെക്കുന്നത്. സാമൂഹ്യനീതി ഉറപ്പാക്കുന്ന, അതോടൊപ്പം വിദ്യാർത്ഥികളുടെ ഭാവി ശക്തിപ്പെടുത്താൻ പൊതുപരീക്ഷ സങ്കേതങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ പിന്തുണ പദ്ധതികളും ഈ ബജറ്റിൽ പ്രധാന സ്ഥാനം വഹിക്കുന്നു. ഇത് ഒരു ഭരണ രേഖയല്ല, ജനപങ്കാളിത്തം, സുതാര്യത, സ്ഥിരതയുള്ള വികസനം എന്നിവയെ അടിസ്ഥാനം ചെയ്തുള്ള ഒരു സാമൂഹിക കരാറാണ്. എല്ലാവരുടെയും സഹകരണത്തോടെയും കൂട്ടായപരിശ്രമത്തോടെയും നൂൽപ്പുഴ ഗ്രാമപഞ്ചായത്തിനെ സമഗ്ര വികസനത്തിന്റെ മാതൃകയാക്കാൻ ഈ ബജറ്റ് വഴികാട്ടിയാവട്ടെ....

ഗാന്ധിജിയുടെ പ്രസിദ്ധമായ “താലിസ്മാൻ” സന്ദേശത്തിൽ അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്: ഒരു തീരുമാനം എടുക്കുമ്പോൾ രാജ്യത്തിലെ ഏറ്റവും ദരിദ്രനും ബലഹീനനുമായ മനുഷ്യനെ ഓർത്ത്, ആ തീരുമാനത്തിൽ അദ്ദേഹത്തിന് എന്ത് ഗുണം ഉണ്ടാകുമെന്ന് ചിന്തിക്കണം. എന്ന ആശയം മുൻപിൽ കണ്ടുകൊണ്ട് സുതാര്യവും നീതിപൂർവ്വമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പൂർത്തീകരിക്കുന്നതിന് ഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് ഘടക സ്ഥാപനങ്ങളുടെ ജീവനക്കാർ, ആസൂത്രണ സമിതി അംഗങ്ങൾ, പൊതുപ്രവർത്തകർ, നല്ലവരായ ജനങ്ങൾ എന്നിവരുടെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് 55,83,38,651 കോടി രൂപ വരവും 55,37,34,453 രൂപ ചിലവും 46,04,198 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന 2026-2027 സാമ്പത്തിക വർഷത്തെ ഈ ബഡ്ജറ്റ് നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

*ധന്യാഭിവാദ്യങ്ങൾ*

എന്ന്,

**എൻ.എ. ഉസ്മാൻ**

വൈസ് പ്രസിഡണ്ട്

നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്